**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 52** **07-06-2021 - ൽ മറുപടിയ്ക്ക്**

**ലോകകേരള സഭ സമ്മേളനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | 2020 ജനുവരിയിൽ തിരുവനന്തപുരത്ത് നടത്തിയ ലോകകേരള സഭയുടെ പ്രധാന ശിപാർശകളും തീരുമാനങ്ങളും എന്തൊക്കെയാണ്; | (എ) | 2020 ൽ നടന്ന ലോക കേരള സഭയുടെ ശിപാർശകൾ ഇതോടൊപ്പം അനുബന്ധം Iആയി ഉള്ളടക്കം ചെയ്യുന്നു. പ്രസ്തുത ശിപാർശകളിന്മേൽ തീരുമാനം കൈക്കൊള്ളേണ്ടത് ലോക കേരള സഭ സെക്രട്ടേറിയറ്റ് നിർദേശ പ്രകാരം ബന്ധപ്പെട്ട വകുപ്പുകളാണ്. |
| (ബി) | പ്രസ്തുത ശിപാർശകളിൽ ഏതൊക്കെ ശിപാർശകൾ ഇതിനകം നടപ്പിലാക്കി; | (ബി) | പ്രവാസികൾക്ക് മെഡിക്കൽ ഇൻഷ്വറൻസ് ആരംഭിക്കണം എന്ന ശിപാർശ പ്രവാസി രക്ഷ ഇൻഷ്വറൻസ് പോളിസി എന്ന പേരിൽ നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | പ്രസ്തുത ലോകകേരള സഭാ സമ്മേളനത്തിനായി ആകെ എത്ര തുക ചെലവഴിച്ചു ; ഇനം തിരിച്ച് വിശദാംശം നൽകുമോ? | (സി) | 2020 ലോക കേരള സഭക്കായി 1,21,68,733/-രൂപ (ഒരു കോടി ഇരുപത്തി ഒന്ന് ലക്ഷത്തി അറുപത്തിയെണ്ണായിരത്തി എഴുന്നൂറ്റി മുപ്പത്തി മൂന്ന് രൂപ മാത്രം ) ചെലവഴിച്ചു.ഇനം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം 2 ആയി ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

## രണ്ടാം ലോക കേരള സഭയിൽ ഉയർന്ന നിർദേശങ്ങളും ശുപാർശകളും

2020 ജനുവരി 1,2,3 തീയതികളിൽ നടന്ന രണ്ടാം ലോക കേരള സഭയിൽ വിഷയാധിഷ്ഠിതവും മേഖല അടിസ്ഥാനത്തിലും അവതരിപ്പിച്ച പ്രമേയങ്ങളിലും നിരവധി നിർദ്ദേശങ്ങളും ശുപാർശകളും ഉയർന്നു വന്നു. ആകെ 216 ഓളം ശുപാർശകളാണ് വന്നിട്ടുള്ളത്. ഇതിൽ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും സംസ്ഥാനസർക്കാർ നടപടി സ്വീകരിക്കേണ്ടതുമായ ശുപാർശകൾ ചുവടെ വിശദീകരിക്കുന്നു. ഇതിൽ 21 ശുപാർശകൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ട് വരേണ്ടതും ബാക്കിയുള്ള 195 ശുപാർശകൾ കേരള സർക്കാരിന്റെ വിവിധ വകുപ്പുകളും അനുബന്ധ സ്ഥാപനങ്ങളും വഴി പരിശോധിക്കുകയോ/നടപ്പാക്കുകയോ ചെയ്യേണ്ടതാണ്.

## കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ട വിഷയങ്ങൾ

1. പ്രവാസികൾ തങ്ങളുടെ പ്രശ്നങ്ങൾ പരാതിപെടുന്നതിന് സമീപിക്കുന്നത് എംബസ്സികളെയാണ്. എന്നാൽ ഭാഷയുടെ അപര്യാപ്ത കാരണം യഥാവിധം പ്രശ്നങ്ങൾ എംബസി ഉദ്യോഗസ്ഥരെ അറിയിക്കുവാൻ കഴിയുന്നില്ല. ആയതിനാൽ തന്നെ അവർ തന്റേതല്ലാത്ത കാരണങ്ങളാൽ നിരവധി നിയമ പ്രശ്നങ്ങളിൽ അകപ്പെടുന്നു. ആയതിനാൽ ഓരോ രാജ്യത്തും ജീവിക്കുന്ന ഭൂരിപക്ഷ ഇന്ത്യൻ സമൂഹങ്ങളുടെ മാതൃഭാഷ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരുടെ സാന്നിധ്യം അതാതു എംബസികളിൽ ഉറപ്പുവരുത്തുക.
2. ഗൾഫ് നാടുകളിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ അവിടുത്തെ ഇന്ത്യൻ എംബസികളിൽ നിലവിലുള്ള ലേബർ അറ്റാഷെകളുടെ എണ്ണം വർധിപ്പിക്കുക.
3. അതത് രാജ്യങ്ങളിൽ അടിക്കടി ഉടലെടുക്കുന്ന നിയമ പ്രശ്നങ്ങളും, തൊഴിൽ പ്രശ്നങ്ങളും കാരണം സാമ്പത്തികമായി ബുദ്ധിമുട്ടുന്ന നിരവധി പ്രവാസി സംരംഭകർ വിവിധ ഗൾഫ് രാജ്യങ്ങളിലായി അധിവസിക്കുണ്ട്. മതിയായ നിയമ സഹായം ലഭ്യമാകാത്തതിനാൽ തങ്ങളുടെ സമ്പാദ്യം നഷ്ടപ്പെട്ട് പോയവർ നിരവധിയാണ്. സാമ്പത്തിക പ്രതിസന്ധി നേരിടുന്ന പ്രവാസി സംരംഭകരുടെ സംരക്ഷണം ഉറപ്പുവരുത്തുവാൻ എംബസികൾ ഉഭയകക്ഷി ഉടമ്പടികളിലൂടെ അവർക്കു ആവശ്യമായ നിയമസഹായങ്ങൾ ഉറപ്പുവരുത്തുവാൻ സർക്കാർ ഇടപെടണം. കൂടാതെ എംബസിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഇന്ത്യൻ മിഷനുകൾ പ്രവാസി സൗഹൃദമാക്കുന്നതിനും ഇടപെടുക.
4. കേന്ദ്ര സർക്കാരിന്റെ പുതിയ എമിഗ്രേഷൻ ബിൽ, 2019 (കരട്) ൽ പുനരധിവാസത്തെ കുറിച്ച് യാതൊന്നും പരാമർശിച്ചിട്ടില്ല. പൊതു സമൂഹത്തിന്റെയും കുടിയേറ്റ സമൂഹത്തിന്റെയും നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് പ്രസ്തുത ബിൽ വീണ്ടും പ്രസിദ്ധപ്പെടുത്തി ജനകീയ ചർച്ചക്ക് വിധേയമാക്കി മെച്ചപ്പെടുത്താൻ ശ്രമിക്കണം. തിരികെ എത്തുന്ന പ്രവാസികളുടെ പുനരധിവാസം ഉറപ്പാക്കുന്നതിന് പ്രവാസികളുടെ താല്പര്യങ്ങൾ മനസിലാക്കിയുള്ള സമഗ്ര പുനരധിവാസ നയം രൂപവത്കരിക്കണം.
5. പ്രവാസി മലയാളി വനിതകളുടെ സുരക്ഷിതമായ കുടിയേറ്റം ഉറപ്പുവരുത്തുന്നതിനും ഗാർഹിക പീഡനം അവസാനിപ്പിക്കുന്നതിനും പ്രവാസി വനിതകളുടെ പരാതികൾ ഏതുസമയവും സ്വീകരിച്ചു യഥാക്രമം നടപടി സ്വീകരിക്കുന്നതിനും പുതിയ നിയമ

വ്യവസ്ഥകൾ അനിവാര്യമാണ്. സ്ത്രീ കുടിയേറ്റം സുരക്ഷിതവും നിയമപരവും വിവേചന രഹിതവും ആകുവാൻ വേണ്ടി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആതിഥേയ രാജ്യങ്ങളുമായി ഉഭയകക്ഷി കരാറുകളിൽ ഒപ്പിടുകയും നിലവിലുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തുകയും വേണം.

6. തിരികെ വരുന്ന പ്രവാസികളുടെ സമഗ്ര പുനരധിവാസ പദ്ധതി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കണം.
7. ഇസിആർ രാജ്യങ്ങളിലേക്ക് വിദേശ തൊഴിലിനായി പോകുന്ന എമിഗ്രേഷൻ ചെക്ക് റിക്വയർഡ് (ഇസിആർ) വിഭാഗത്തിൽപ്പെടുന്ന ഇന്ത്യൻ കുടിയേറ്റ തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ ലക്ഷ്യമിട്ടുള്ള നിർബന്ധിത ഇൻഷുറൻസ് പദ്ധതിയാണ് പ്രവാസി ഭാരതീയ ഭീമ യോജന (പിബിബിവൈ). ഇത് എല്ലാ വിഭാഗം പ്രവാസികൾക്കും നിർബന്ധമായും ക്ലെയിം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണം
8. ഇന്ന് ഉപരിപഠനത്തിനായി നിരവധി വിദ്യാർത്ഥികൾ പുറം രാജ്യങ്ങളിലെക്ക് കുടിയേറുന്നു. റിക്രൂട്ട്മെന്റ് ഏജൻസികളുടെ ചതിക്കുഴികളിൽപെട്ട് സാമ്പത്തിക പ്രശ്നത്തിലും ആതിഥേയ രാജ്യങ്ങളിലെ നിയമപ്രശ്നങ്ങളിലും വിദ്യാർത്ഥികൾ അകപ്പെടാതിരിക്കാൻ കുടിയേറ്റത്തിന് തയാറാകുന്ന വിദ്യാർത്ഥികൾക്ക് റിക്രൂട്ട്മെന്റ് ഏജൻസികളെ കുറിച്ചും കേന്ദ്ര സർക്കാരിന്റെ കുടിയേറ്റ നിയമത്തെക്കുറിച്ചും അവബോധം സൃഷ്ടിക്കേണ്ടതാണ്. രാജ്യത്തുനിന്ന് വിദ്യാഭ്യാസത്തിനായി കുടിയേറുന്ന വിദ്യാർത്ഥികളുടെ സുഗമവും സുരക്ഷിതവുമായ കുടിയേറ്റം ഉറപ്പുവരുത്തുവാനും പഠന ശേഷം സർട്ടിഫിക്കറ്റ് തുല്യത ഉറപ്പുവരുത്തുവാനും കേന്ദ്ര സർക്കാർ അടിയന്തിരമായി നിയമ നിർമാണം നടത്താനുള്ള നടപടി സ്വീകരിക്കണം.
9. അതത് രാജ്യങ്ങളിലെ നിയമങ്ങൾ അറിയാതെ തന്റേതല്ലാത്ത കാരണങ്ങളാൽ നിരവധി പ്രവാസികൾ വിദേശരാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്നു. ഇത്തരത്തിൽ ജയിൽ ശിക്ഷ അനുഭവിക്കുന്ന പ്രവാസി മലയികളെ മോചിപ്പിക്കേണ്ടതുണ്ട്. 20 വർഷമായി ബഹ്റൈൻ, ഖത്തർ എന്നീ രാജ്യങ്ങളിൽ ജയിലുകളിൽ കഴിയുന്ന പ്രവാസി മലയാളികളെ മോചിപ്പിക്കുന്നതിന് ഇന്ത്യൻ എംബസ്സിയുമായി ബന്ധപ്പെട്ട് ഒരു ഉദ്യോഗസ്ഥ സമിതി രൂപീകരിച്ച് അവരെ മോചിപ്പിക്കുന്നതിനുള്ള നടപി സ്വീകരിക്കണം.
10. യുവാക്കൾക്ക് ദേശീയ സമന്വയം, സാമുദായിക ഐക്യത്തിന്റെ മനോഭാവം, സാഹോദര്യം എന്നിവ രാജ്യത്തിന് മുൻപാകെ പ്രദർശിപ്പിക്കുന്നതിനുള്ള ഒരു വേദിയാണ് നാഷണൽ യൂത്ത് ഫെസ്റ്റിവൽ. പ്രവാസികളുടെ സർഗ്ഗശേഷികൾ പരിപോഷിപ്പിക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനുംവേണ്ടി ഒരു വേദി അനിവാര്യമാണ്. പ്രവാസികൾക്ക് മാതൃരാജ്യവുമായി ബന്ധപ്പെടാനുള്ള അവസരവും കഴിവുകൾ പ്രദർശിപ്പിക്കുന്നതിനുള്ള ഒരു വേദിയും ഇതിലൂടെ ലഭ്യമാകുന്നു. ആയതിനാൽ നാഷണൽ യൂത്ത് ഫെസ്റ്റിവലുകൾ സംഘടിപ്പിക്കുമ്പോൾ പ്രവാസികളായ യുവജങ്ങളെക്കൂടി ഉള്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
11. അതിർത്തി കടന്നുള്ള അനധികൃത മനുഷ്യ കടത്ത് തടയുന്നതിന് ഒമാനും ഇന്ത്യയും ഒരു ബൈ ലാറ്ററൽ എഗ്രിമെന്റിൽ ഏർപ്പെടുന്നതിനു നടപടി സ്വീകരിക്കണം.

12. നിരവധി മലയാളികൾ സൗദി അറേബ്യയിൽ തൊഴിൽ ചെയ്തുവരികയും തൊഴിൽ തേടി പോകുകയും ചെയ്യുന്നു. എന്നാൽ അവിടെ അടിക്കടി ഉടലെടുക്കുന്ന നിതാഖത് പോലുള്ള തൊഴിൽ പ്രശ്നങ്ങൾ വർധിച്ചുവരുന്നതിനാൽ തൊഴിൽ നഷ്ടപ്പെട്ട് നാട്ടിലേക്കു തിരികെ വരുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഇത് പരിഹരിക്കുന്നതിന് കേന്ദ്രസർക്കാർ സൗദി അറേബ്യയുമായി ഒരു തൊഴിൽ കരാറിൽ ഏർപ്പെടാനുള്ള നടപടി സ്വീകരിക്കണം.
13. 1991 നു മുമ്പ് സോവിന്റ് യൂണിയന്റെ ഭാഗമായിരുന്ന ജോർജിയയില്ലേക്ക് നിരവധി പ്രവാസി മലയാളികൾ തൊഴിലിനും വ്യവസായത്തിനും കുടിയേറ്റം നടത്തിവരുന്നു. ഇന്ത്യൻ എംബസ്സിയുടെ അഭാവത്തിൽ നിരവധി പ്രസികൾ അവിടത്തെ നിയമ പ്രശ്നങ്ങളിൽ അകപ്പെട്ടു ബുദ്ധിമുട്ടുന്നു. ആയതിനാൽ ജോർജിയയിൽ ഇന്ത്യൻ എംബസി തുടങ്ങുന്നതിനു നടപടി സ്വീകരിക്കണം.
14. സൗദി അറേബ്യയിലെ ദമാമിൽ ധാരാളം പ്രവാസി മലയാളികൾ തൊഴിലെടുത്തുവരുകയും അതോടൊപ്പം ധാരാളം മലയാളി വ്യവസായികൾ വിവിധ മേഖലകളിൽ മുതൽമുടക്കി വരികയും ചെയ്യുന്നു. ഇവിടെ മാറി മാറി വരുന്ന കർശന നിയമങ്ങൾ കാരണം ഇന്ത്യൻ എംബസ്സിയുടെ സഹായം ആവശ്യമായതിനാൽ ദമാമിൽ ഒരു ഇന്ത്യൻ കോൺസുലേറ്റ് സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കണം
15. പല ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് നേരിട്ട് ട്രെയിൻ സർവീസുകൾ നിലവിലില്ല. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ധാരാളം മലയാളികൾ അധിവസിക്കുന്നതിനാൽ കേരളത്തിലേക്ക് നേരിട്ട് ട്രെയിൻ സർവീസുകൾ ഇല്ലാത്ത സംസ്ഥാനങ്ങളിൽനിന്നും ട്രെയിൻ സർവീസ് നേരിട്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം ദേശീയോത്സവങ്ങൾ, തീർത്ഥാടനം, അവധിക്കാലം തുടങ്ങിയ വേളകളിൽ കൂടുതൽ സർവീസുകൾ അനുവദിക്കണം.
16. മനുഷ്യക്കടത്ത്, വിവേചനം, ചൂഷണം, കുടിയേറ്റ തൊഴിലാളികളെ ദുരുപയോഗം ചെയ്യുക എന്നിവ തടയുന്നതിന് കേരളത്തിലെ എയർപോർട്ടുകളിലെ എമിഗ്രേഷൻ കൗണ്ടറുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക
17. നിലവിൽ സ്റ്റുഡന്റ്സ് വിസയിലും തൊഴിൽ വിസയിലും ഓസ്ട്രേലിയ, ലണ്ടൻ എന്നിവിടങ്ങളില്ലേക്ക് ധാരാളം മലയാളികൾ കുടിയേറ്റം നടത്തുന്നു. എന്നാൽ ഈ സ്ഥലങ്ങളിലേക്ക് നേരിട്ട് വിമാന സർവീസുകൾ ഇല്ലാത്തതിനാൽ പ്രവാസികൾ ധാരാളം ബുദ്ധിമുട്ടുകൾ നേരിടുന്നു. ഇത് പരിഹരിക്കുന്നതിന് കേരളത്തിൽ നിന്നും ഓസ്ട്രേലിയ, ലണ്ടൻ എന്നിവിടങ്ങളില്ലേക്ക് നേരിട്ടുള്ള വിമാന സർവീസ് ആരംഭിക്കുന്നതിനു നടപടി സ്വീകരിക്കണം.
18. ഗൾഫിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് നീറ്റ് പരീക്ഷ എഴുതുന്നതിനു സെന്റർ അനുവദിക്കണം.
19. ലഹരി കടത്തു തടയുന്നതിനായി കേരളത്തിലെ എയർ പോർട്ടുകളിൽ പരിശോധന കർശനമാക്കണം.
20. ഉത്സവ സീസണുകളിൽ വിമാന യാത്ര കൂലി വർധിക്കുന്നത് കാരണം സാധാരണകാരായ പ്രവാസികൾ ഏറെ ബുദ്ധിമുട്ടുന്നു. ഇത്തരം സമയങ്ങളിൽ സാധാരണക്കാരായ പ്രവാസികൾക്ക് നാട്ടിലേക്കു മടങ്ങാൻ കഴിയാത്ത സാഹചര്യമാണ് ഉണ്ടാകുന്നത്. ആയതിനാൽ ഉത്സവ സീസണുകളിൽ വിമാന

യാത്ര കൂലി നിയന്ത്രിക്കുന്നതിന് റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കണം. കൂടാതെ ഈ ദിവസങ്ങളിൽ കൂടുതൽ വിമാന സർവീസുകൾ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണം

21. ആഫ്രിക്കൻ രാജ്യങ്ങളിലേക്ക് പ്രത്യേകിച്ച് കെനിയ, ടാൻസാനിയ, സൗത്ത് ആഫ്രിക്ക, നൈജീരിയ എന്നീ രാജ്യങ്ങളിലേക്ക് കേരളത്തിൽ നിന്ന് കുടിയേറ്റം വർധിച്ചു വരുന്നു. ആയതിനാൽ ഈ സ്ഥലങ്ങളെ പ്രധാന ഹബ്ബാക്കി കൊണ്ട് കേരളത്തിലേക്ക് നേരിട്ട് വിമാന സർവീസുകൾ ആരംഭിക്കണം.

## സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ട വിഷയങ്ങൾ

I. നോർക്ക വകുപ്പ്

1. പ്രവാസികൾക്കായി മെച്ചപ്പെട്ട പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നതിനായി കുടിയേറ്റവുമായി ബന്ധപ്പെട്ട കണക്കുകൾ ലഭ്യമാകേണ്ടതുണ്ട്. ആയതിനായി ബ്യൂറോ ഓഫ് ഇമ്മിഗ്രേഷൻ വഴി ഇന്ത്യയിൽ നിന്നും പുറത്തുപോകുന്ന എല്ലാവരുടെയും വിവരങ്ങൾ കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.
2. ഫിലിപ്പൈൻസ്നെ മാതൃകയാക്കി കേരളത്തിന്റേതായ പ്രവാസി കെയർ പദ്ധതി കൊണ്ടുവരേണ്ടതാണ്.
3. പ്രവാസികളുടെ പ്രശ്ന പരിഹരിക്കുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മൂന്ന് മാസത്തിലൊരിക്കൽ അദാലത്ത് സംഘടിപ്പിക്കുക.
4. പ്രവാസി ലേബർ കോൺട്രാക്ട് സൊസൈറ്റികൾ രൂപികരിച്ച് പ്രവാസികൾക്ക് തൊഴിൽ നൽകുന്നതിനുള്ള നടപടിയുണ്ടാകണം.
5. നോർക്ക റൂട്ട്സിലെ ഒരു ഉദ്യോഗസ്ഥനെ ഇന്ത്യൻ എംബസിയിൽ നിയമിക്കുന്നതിനുള്ള നടപടിയുണ്ടാക്കണം.
6. യു.എ.ഇ യിലെ നിയമസഹായ സെല്ലിനെ സംബന്ധിച്ച് വിശദീകരിക്കണം നോർക്ക വകുപ്പ് നൽകണം
7. തിരിച്ച് വന്ന പ്രവാസികൾക്ക് മാത്രമായ സാന്ത്വന പദ്ധതി നിലവിലെ പ്രവാസികൾക്കും ലഭ്യമാക്കുക.
8. തിരിച്ചു വരുന്ന പ്രവാസികളുടെ തൊഴിൽ പരിചയം സംബന്ധിച്ചു ഒരു പരീക്ഷ നടത്തി സർട്ടിഫിക്കറ്റ് നൽകണം.
9. പുതിയ സാങ്കേതികവിദ്യയിൽ അവബോധം സൃഷ്ടിക്കുന്നതിന് സഹായകരമായ രീതിയിൽ എല്ലാ നിയമസഭാ മണ്ഡലങ്ങളിലും പ്രവാസികളുടെ സഹായത്തോടെ 'മികവിന്റെ കേന്ദ്രങ്ങൾ' ആരംഭിക്കണം.
10. സർക്കാർ ഇടപെട്ടു പ്രവാസി സംരംഭകർക്കുള്ള വായ്പകൾ ഷെഡ്യൂൾ ബാങ്കുകൾ ഉപാധികൾ വെച്ചു നിഷേധിക്കുന്നത് തടയണം.
11. OCI സ്റ്റാറ്റസ്സുള്ള പ്രവാസികൾക്ക് സർക്കാർ സംവിധാനങ്ങളിൽ നിന്നും സഹായങ്ങൾ ലഭിക്കുന്നത് സുഗമമാക്കം.
12. ഇന്ത്യൻ എംബസികളുമായി ബന്ധപ്പെടുന്നതിന് കരീബിയൻ രാജ്യങ്ങളിൽ നോർക്ക/ലോക കേരള സഭയുടെ പ്രതിനിധിയെ വോളന്റിയറായി നിയമിക്കണം.
13. ഗൾഫ് ജയിലുകളിൽ കഴിയുന്ന സ്ത്രീകളുടെ സ്റ്റാറ്റിസ്റ്റിക്സ് തയാറാക്കണം

14. ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിലുള്ള മലയാളി പ്രവാസികളെ സംബന്ധിച്ച് കണക്കെടുപ്പ് വേണം.
15. പ്രവാസികളുടെ സ്വത്ത് സംരക്ഷണത്തിനും തർക്ക പരിഹാരത്തിനും വേണ്ടി ലീഗൽ സെൽ ആരംഭിക്കുക.
16. പ്രവാസി കേരളീയരുടെ സാന്നിദ്ധ്യമുള്ളതും എന്നാൽ ഇന്ത്യൻ എംബസികൾ ഇല്ലാത്തതുമായ രാജ്യങ്ങളിൽ നോർക്കയുടെ ഒരു ഓണററി കൗൺസൽ ഉണ്ടാകുന്നതിന് വ്യക്തികളെ കണ്ടെത്തുക. പ്രവാസി കേരളീയർ ഉള്ള രാജ്യങ്ങളിൽ അവരുടെ പ്രശ്നങ്ങൾ പരിഗണിക്കാനും ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്താനും എന്തുതരം സംവിധാനം പ്രായോഗികമാകുമെന്ന

a. നോർക്ക റൂട്സ്

1. മലയാളികൾ കൂടുതൽ അധിവസിക്കുന്ന ഇന്ത്യൻ സംസ്ഥാനങ്ങളിൽ നോർക്ക ഓഫീസ് സ്ഥാപിക്കണം.
2. കൂടുതൽ വിമാന കമ്പനികളുമായി നോർക്ക ഫെയർ സംവിധാനവും യാത്രക്കാരുടെ അവകാശങ്ങളെ കുറിച്ച് പ്രവാസികൾക്ക് അവബോധം നൽകണം
3. ലേബർ കേസിൽ ഉൾപ്പെട്ട സൗദിഅറേബിയയിലെ മലയാളികൾക്ക് നോർക്ക സെൽ വഴി നിയമ സഹായം നൽകണം
4. പ്രവാസി വനിതകൾക്കായി നിയമ സഹായം നൽകുന്നതിന് ലീഗൽ എയ്ഡ് സെൽ രൂപീകരിക്കണം. സ്ത്രീകൾക്കുള്ള ടോൾ ഫ്രീ നമ്പറും അനുബന്ധ സേവനങ്ങളും സാധാരണക്കാരായ പ്രവാസികളിൽ എത്തിക്കാൻ നടപടി വേണം.
5. നോർക്ക വഴി റിക്രൂട്ട് ചെയ്ത് ജോലി ലഭിക്കുന്നവരുടെ പേര് വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാക്കണം
6. വുമൺ ട്രാഫിക്കിങ്, വിസ തട്ടിപ്പ് മതിയായ രേഖകൾ ഇല്ലാതെ വിദേശ വീട്ടുജോലിക്ക് സ്ത്രീകളെ കൊണ്ടുപോകുന്ന മലയാളികൾ/ ഏജൻസികൾക്ക് എതിരെ സർക്കാർ നടപടി സ്വീകരിക്കണം
7. ഗാർഹിക പീഡനം, മാനസിക സമ്മർദ്ദം എന്നിവ അനുഭവിക്കുന്ന സ്ത്രീകൾക്കും കുട്ടികൾക്കും നോർക്ക മുഖേന ആവശ്യമായ കൗൺസിലിംഗ് നൽകുകയും അവ റിപ്പോർട്ട് ചെയ്യുന്നതിനുള്ള ഹെല്പ് ലൈൻ നമ്പർ എയർപോർട്ട്കളിൽ പ്രദർശിപ്പിക്കണം. കൂടാതെ എയർപോർട്ട്കൾ കേന്ദ്രീകരിച്ച നോർക്ക കൗണ്ടറുകൾ സ്ഥാപിക്കണം
8. പുതിയ വെബ്സൈറ്റ് രൂപീകരിച്ച് കൊണ്ട് വിദേശ രാജ്യങ്ങളിലെ തൊഴിൽ ദാതാവിനെയും തൊഴിൽ അന്വേഷകരെയും തമ്മിൽ ബന്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം.
9. ബഹ്റൈനിലേക്ക് കൂടുതൽ നഴ്സുമാരെ റിക്രൂട്ട് ചെയ്യണം. കൂടാതെ ഗൾഫ് മേഖലയിൽ ഇസ്ലാമിക് സ്റ്റഡീസ് ടീച്ചേഴ്സിനെ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് പരിഹരിക്കണം
10. പലിശയിൽ താൽപ്പര്യമില്ലാത്ത നിക്ഷേപകർക്ക് ഹൈ റിസ്ക് ലോൺ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം
11. പ്രവാസികൾക്ക് കുടുംബ- ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പ്രാവർത്തികമാക്കണം.
12. നോർക്ക വെബ്സൈറ്റിൽ ഓസ്ട്രേലിയയെക്കുറിച്ചുള്ള വിവരങ്ങൾ ഉൾപ്പെടുന്ന ഒരു ടാബ് ആഡ് ചെയ്യണം.

13. എൻ.ആർ.ഇ, എൻ.ആർ.ഒ നിക്ഷേപങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകാൻ നടപടി വേണം.
14. വിദൂര സംസ്ഥാനങ്ങളിൽ എയർ ആംബുലൻസ് സൗകര്യം പ്രവാസികൾക്കായി അനുവദിക്കണം.
15. സാന്ത്വനം പദ്ധതിയിൽ ഇന്ത്യൻ പ്രവാസികളെക്കൂടി ഉൾപ്പെടുത്തണം
16. ഉന്നത വിദ്യാഭ്യാസത്തിനുള്ള സ്കോളർഷിപ്പ് ഇന്ത്യൻ പ്രവാസികൾക്കും ബാധകമാക്കണം
17. മൃതദേഹം നാട്ടിലെത്തിക്കാൻ നൽകുന്ന 10000 രൂപ 25000 രൂപ ആയെങ്കിലും ഉയർത്തണം.
18. പ്രവാസികൾ കൂടുതലുള്ള പ്രദേശങ്ങളിൽ അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാനും ഡിജിറ്റൽ ഇൻഫർമേഷൻ നൽകാനും നാലോ അഞ്ചോ പേരെ നിയമിക്കണം. ഇവർക്കുള്ള പ്രതിഫലം പ്രവാസികൾ നൽകും.
19. പ്രവാസികളുടെ ചെറിയ സമ്പാദ്യങ്ങൾ ചാനലൈസ് ചെയ്യുന്നതിന് മാർഗരേഖ തയ്യാറാക്കണം. പ്രവാസികളുടെ പരാതികൾ പരിഹരിക്കാൻ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ഓരോ മൂന്ന് മാസത്തിലും ഓപ്പൺ ഹൌസ് അദാലത്ത് നടത്തണം.
20. നോർക്ക റൂട്ട്സിന് മൊബൈൽ ആപ്പ് രൂപപ്പെടുത്തണം
21. പ്രവാസികൾക്ക് ക്രിട്ടിക്കൽ രോഗങ്ങളുടെ കാര്യത്തിൽ ഒറ്റത്തവണ പ്രീമിയത്തിന്റെ അടിസ്ഥാനത്തിൽ ഇൻഷുറൻസ് പരിരക്ഷ നൽകുക, പ്രകൃതിദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ ജീവനും, ആസ്തിക്കും സംരക്ഷണം നൽകുക എന്നിവയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് ഇൻഷുറൻസ് കമ്പനികളുമായും വിദഗ്ധരുമായും ചർച്ച ചെയ്ത് മൂന്നു മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുക

b. **ലോക കേരള സഭ**

1. പ്രവാസികളുമായി ബന്ധപ്പെട്ട പദ്ധതികൾ ഉന്നയിക്കാനും പ്രവാസികളുമായി ബന്ധപ്പെട്ട നിയമങ്ങൾ കൊണ്ടുവരുമ്പോൾ അതിനെ എങ്ങനെ സമീപിക്കണമെന്നും അഭിപ്രായം അറിയിക്കുന്നതിനും ലോക കേരള സഭ പ്രതിനിധികളും കേരള എം പിമാരും ചേരുന്ന കോ ഓർഡിനേഷൻ കമ്മിറ്റി രൂപീകരിക്കണം
2. സർക്കാർ പദ്ധതികൾ പ്രവാസികളിലേക്കു എത്തിക്കുവാൻ ലോക കേരള സഭയുടെ നേതൃത്വത്തിൽ കർമ്മ പദ്ധതികൾ തയാറാക്കി പ്രവാസി സംഘടനാ പ്രതിനിധികൾക്ക് പരിശീലനം നൽകണം
3. ലോക കേരള സഭയുടെ ഒരു സമ്മേളനം ലണ്ടനിൽ വെച്ച് നടത്തുന്നതിനും യു.കെ യിൽ ഒരു ടൂറിസം സെന്റർ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം.
4. പ്രവാസി വനിതാസെല്ലുമായി ബന്ധപ്പെടുന്ന വിവിധ വിഷയങ്ങൾ ലോക കേരള സഭ സെക്രട്ടറിയേറ്റ് പരിശോധനനടത്തി ആവശ്യമായ സഹായം ഏർപ്പെടുത്തണം.
5. കേരളത്തിൽ ചെറുകിട നിക്ഷേപങ്ങൾ നടത്തുന്നതിന് പ്രചാരണത്തിനായി ലോക കേരള സഭയിൽ പങ്കെടുത്ത പ്രതിനിധികളെ അവര് പ്രതിനിധാനം ചെയുന്ന രാജ്യത്ത് കേരളത്തിന്റെ അംബാസിഡറായി പ്രവർത്തിക്കാൻ നടപടി സ്വീകരിക്കണം.

6. യൂറോപ്പിൽ ലോക കേരള സഭയുടെ ഒരു റീജിണൽ യോഗം സംഘടിപ്പിക്കുന്നതിനും ആ രാജ്യത്തെ ഭരണാധികാരികളെ അതിൽ ഉള്പ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.
7. നോർക്ക, മലയാളം മിഷൻ, ലോക കേരള സഭ തുടങ്ങിയവയുടെ സാന്നിദ്ധ്യം സംസ്ഥാന തലസ്ഥാനങ്ങളിൽ വേണം
8. പ്രവാസികളുടെ വൃദ്ധമാതാപിതാക്കളുടെ സംരക്ഷണത്തിനായി റിട്ടയർമെൻറ് ഹോം സംവിധാനങ്ങൾ ലഭ്യമാകണം. ഇത് ഗാർഡൻ ഓഫ് ലൈഫ് എന്ന പേരിൽ ആരംഭിക്കുകയും എ,ബി,സി, ക്യാറ്റഗറിയിൽ പണം സ്വീകരിച്ചുകൊണ്ടു താമസ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും തുടർന്ന് ഫീഡ് ബാക് നോക്കി പദ്ധതി വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതും ഉചിതമാണ്.
9. പുറംലോകത്തെ സാഹിത്യ പ്രതിഭകളെ ആദരിക്കാനുള്ള സംവിധാനങ്ങൾ ലോക കേരള സഭ രൂപപ്പെടുത്തുക

c. ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആൻഡ് ഹോൾഡിങ് ലിമിറ്റഡ്

1. പ്രവാസികൾക്ക് വിവിധ സംരംഭങ്ങൾ (വിദ്യാഭ്യാസ സ്ഥാപനങ്ങൾ) ഉൾപ്പെടെ ആരംഭിക്കാൻ പ്രത്യേക സോണുകൾ തുടങ്ങുന്ന കാര്യം ഗൗരവമായി പരിഗണിക്കുക. ഈ സംരംഭങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ സാഹചര്യം സൃഷ്ടിക്കുന്നത് മുൻഗണന നൽകുക.

d. പ്രവാസി ക്ഷേമനിധി ബോർഡ്

1. ഡിവിഡന്റ് പദ്ധതിക്ക് സർക്കാർ തലത്തിൽ കൂടുതൽ പ്രചരണം നടത്തണം.
2. 60 വയസ്സിനു മുകളിലുള്ളവർക്കും ക്ഷേമനിധി അംഗത്വം നൽകുന്നതിന് നടപടി സ്വീകരിക്കണം.
3. വിദേശ രാജ്യങ്ങളിലെ ലേബർ ക്യാമ്പുകൾ/കുടുംബ കൂട്ടായ്മകൾ എന്നിവയിൽ ക്ഷേമനിധി ആനുകൂല്യങ്ങൾ സംബന്ധിച്ച് വിപുലമായ പ്രചാരണം നടത്തണം.
4. ക്ഷേമനിധി അംഗത്വം പുനഃസ്ഥാപിക്കുന്നതിനുള്ള പിഴപ്പലിശ ഒഴിവാക്കുന്നതിനുള്ള ഒറ്റത്തവണ ആനുകൂല്യം വീണ്ടും നൽകണം. പിഴപ്പലിശ കുറക്കണം.
5. നോർക്ക ക്ഷേമനിധി ബോർഡിന് മൊബൈൽ ആപ്പ് രൂപപ്പെടുത്തണം.
6. പ്രവാസി ഡിവിഡന്റ് സ്കീം ലിസ്റ്റ് ചെയ്യണം.
7. പ്രവാസി ഡിവിഡന്റ് പദ്ധതിയിൽ നിക്ഷേപങ്ങൾ ഗഡുക്കളായി സ്വീകരിക്കാനുള്ള നടപടി സ്വീകരിക്കണം.
8. പെൻഷൻ പദ്ധതി തുടങ്ങിയ പല പ്രവാസി ക്ഷേമ പദ്ധതികളിലും പ്രവാസി ക്ഷേമ പദ്ധതിയിൽ പ്രായപരിധി വ്യത്യാസം വരുത്തിയപ്പോൾ ചേരാൻ കഴിയാത്തവർക്ക് ഒറ്റത്തവണ അവസരം നൽകണം

II. സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്

1. പ്രവാസികളുടെ ആരോഗ്യത്തെയും ക്ഷേമത്തെയും പറ്റി ശാസ്ത്രീയമായി പഠിക്കുവാനും ഗുണപരമായ ഇടപെടലുകൾ നടത്തുവാനും ഒരു പഠന പദ്ധതി ആരംഭിക്കണം
2. കേരളത്തിലെ ഏതെങ്കിലും ഒരു യൂണിവേഴ്സിറ്റിയുടെ കീഴിലോ സ്വതന്ത്രമായോ centre for pravasi studies ആരംഭിക്കുന്നതിനു നടപടി സ്വീകരിക്കണം.

3. ആഭ്യന്തര പ്രവാസികളുടെ വിഷയങ്ങൾ വിശദമായി പഠിച്ച് ഭരണഘടനയുടെയും നിയമത്തിന്റെയും പരിധിക്കുള്ളിൽ നിന്ന് എന്തെല്ലാം ചെയ്യാൻ എന്ന് കണ്ടെത്താനും അതിനനുസരിച്ച സർക്കാർ നടപടികൾ ഊർജ്ജിതപ്പെടുത്താൻ വേണ്ട ആവശ്യമായ പഠനം ഉടൻ ആരംഭിക്കണം.
4. കേരളത്തിൽ പ്രവാസി മ്യൂസിയം നിർമ്മിക്കണം.
5. ആഫ്രിക്കൻ കുടിയേറ്റം സംബന്ധിച്ച ഡോക്യുമെന്റഷൻ നടത്തണം

III. സാംസ്കാരിക വകുപ്പ്

1. മലയാളികൾ കൂടുതലുള്ള രാജ്യങ്ങളിൽ സാംസ്കാരിക വിനിമയ പരിപാടികൾ, സാംസ്കാരിക കേന്ദ്രങ്ങൾ, പ്രവാസികളായ യുവാക്കളുടെയും കൗമാരക്കാരായ വിദ്യാർത്ഥികളുടെയും കലോത്സവങ്ങൾ, പ്രവാസീസാഹിത്യസമ്മേളനം, കലാസാഹിത്യ സാംസ്കാരികസൃഷ്ടികൾക്ക് ഓൺലൈൻ വേദി, നമ്മുടെ പ്രധാന ഗ്രന്ഥശാലകളിൽ പ്രവാസീസാഹിത്യ കോർണറുകൾ, പ്രവാസികൾ നിർമ്മിക്കുന്ന ദൃശ്യോത്പന്നങ്ങൾ ഉൾക്കൊള്ളുന്ന ഓൺലൈൻ വീഡിയോ-ടെലിഫിലിം-അൽബം ഫെസ്റ്റിവൽ, ആഫ്രിക്കപോലെ സവിശേഷ സംസ്കാരങ്ങളുള്ള നാടുകളുമായി കരകൗശല-കൈത്തൊഴിൽ വിനിമയ പരിപാടി, അന്യദേശങ്ങളിലെ മികച്ച സാഹിത്യം കേരളഭാഷകളിലേക്കും നമ്മുടെ മികച്ച രചനകൾ വിവിധ ലോകഭാഷകളിലേക്കും പരിഭാഷ ചെയ്യാനുള്ള സാദ്ധ്യതകൾ എന്നിങ്ങനെയുള്ള ആശയങ്ങൾ നടപ്പിലാക്കാൻ സർക്കാർ ഇടപെടണം.
2. കലകൾക്ക് ഒരു സർവകലാശാല അനുവദിക്കണം
3. ജർമനിയിൽ ഇന്റർനാഷണൽ മലയാള ഭാഷ കോൺഫറൻസ് നടത്തണം.
4. ഇന്ത്യൻ കൗൺസിൽ ഫോർ കൾച്ചറൽ റിലേഷൻസിന്റെ മാതൃകയിൽ കേരള കൗൺസിൽ ഫോർ കൾച്ചറൽ റിലേഷൻസ് രൂപീകരിക്കണം.
5. കേരള സർക്കാരിന്റെ ആഭിമുഖ്യത്തിൽ വിവിധ രാജ്യങ്ങളിൽ സാംസ്കാരിക ജാഥ നടത്തണം.
6. സംഗീത നാടക അക്കാദമിയുടെ ചാപ്റ്ററുകൾ പ്രവാസി കേന്ദ്രങ്ങളിൽ പുനരാരംഭിക്കണം.
7. ഇൻഡോ-യു.എ.ഇ കൾച്ചറൽ ഇൻഷ്യേറ്റീവ് രൂപീകരിക്കാനും അതിന്റെ ആഭിമുഖ്യത്തിൽ യു.എ.ഇ കൾച്ചറൽ ഫെസ്റ്റിവൽ നടത്താനും നടപടി സ്വീകരിക്കണം.
8. ഇറ്റലിയിൽ സാധ്യമായ സർവകലാശാലയിൽ മലയാളം ഫാക്കൽറ്റി ആരംഭിക്കുവാൻ സാധ്യതയുണ്ട്. ഇത് പ്രയോജനപ്പെടുത്തുക.
9. ഒമാനിൽ ഉള്ള ചിത്രകാരന്മാരുടെ കൂട്ടായ്മയെ സർക്കാർ പ്രോത്സാഹിപ്പിക്കുക.
10. ജർമനിയിൽ ഇന്റർനാഷണൽ മലയാള ഭാഷ കോൺഫറൻസ് നടത്തണം.
11. മലയാളം മിഷൻ രൂപീകരിച്ച സിലബസ് എല്ലാ പ്രവാസി സ്കൂളുകൾക്കും ബാധകമാക്കണം, മലയാളം പഠിക്കാൻ മലയാളം അപ്ലിക്കേഷനുകൾ വികസിപ്പിക്കുകയും പ്രചരിപ്പിക്കുകയും വേണം, മുംബൈയിലെ കേരള ഹൗസ് അങ്കണത്തിൽ മലയാളം മിഷന്റെ ഓഫീസ് തുറക്കണം
12. എല്ലാ വിദേശരാജ്യങ്ങളിലും മലയാളം ചലച്ചിത്രോത്സവങ്ങൾ സംഘടിപ്പിക്കണം
13. ആഫ്രോ കേരള കൾച്ചറൽ സെന്റർ ആരംഭിക്കണം

14. ഐസിസിആർ പ്രോജക്ടിന്റെ ഭാഗമായി ഓസ്ട്രേലിയയിലേക്ക് കേരളത്തിൽ നിന്നുള്ള കലാകാരന്മാരെയും അയക്കാൻ സംവിധാനം ഉണ്ടാകണം
15. ഓസ്‌ട്രേലിയയിൽ മലയാളം ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിക്കണം
16. ആഗോള സാംസ്കാരിക വിനിമയ കേന്ദ്രം ആരംഭിക്കണം
17. തിരുക്കുറലിനെ ദേശീയ പുസ്തകമായി അംഗീകരിക്കാൻ പിന്തുണ വേണം
18. ഓസ്‌ട്രേലിയിൽ NAATI (National Accreditation Authority for Translators & interpreters) യിൽ മലയാളം ട്രാൻസ്ലേറ്റർസനെ നിയമിക്കുന്നതിനു മലയാളം ഒരു വിഷയമായി ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.
19. വിദേശ രാജ്യങ്ങളിൽ ജനിച്ച വളർന്ന കുട്ടികൾക്ക് മലയാളം പഠിക്കുന്നതിന് പ്രത്യേക പാഠ്യപദ്ധതി തയ്യാറാക്കണം.
20. മലയാള മിഷന്റെ പ്രവർത്തനങ്ങൾക്കു വേണ്ടി ബഡ്ജറ്റിൽ കൂടുതൽ തുക വകയിരുത്തണം.
21. വിവിധ രാജ്യങ്ങളിലെ ഭാഷ പഠിപ്പിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുക. പ്രത്യേകിച്ച് അറബി, ജാപ്പനീസ് എന്നീ ഭാഷ ഭാഷകൾ പഠിപ്പിക്കുന്നതിന് കൂടുതൽ ശ്രദ്ധ ചെലുത്തുക. കൂടാതെ ജർമ്മൻ മലയാളം ഭാഷ നിഘണ്ടു, അറബി മലയാളം ഭാഷ നിഘണ്ടു, പ്രിന്റ് ചെയ്യാനുള്ള നടപടി സ്വീകരിക്കുക സ്വീകരിക്കുക.
22. പുറം ലോകത്തെ കലാകാരന്മാരെ പരിശീലിപ്പിക്കാൻ കേരളത്തിലെ കലാപ്രതിഭകളെ അവിടേക്കു അയയ്ക്കുക. കലാമണ്ഡലം പോലുള്ളവയിൽ ഹ്രസ്വകാലകോഴ്സുകൾ പഠിക്കാൻ അവിടെയുള്ള കലാപ്രതിഭകൾക്ക് അവസരമൊരുക്കുക

IV. സഹകരണ വകുപ്പ്

1. വരുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപന തെരഞ്ഞെടുപ്പിൽ കേരളത്തിന് മാത്രമായി പ്രവാസി പ്രോക്സി വോട്ട് സാധ്യമാക്കുന്നത് പരിശോധിക്കണം.
2. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ പ്രവാസികൾ നേരിടുന്ന നിരവധി പ്രയാസങ്ങൾ പരിഹരിക്കുന്നതിന് പ്രവാസി സ്റ്റാന്റിംഗ് കമ്മിറ്റികൾ രൂപീകരിക്കുകയും ഫലപ്രദമായി പ്രവർത്തിക്കുകയും ചെയ്യണം
3. കേരളത്തിലെ ഇതര സംസ്ഥാന തൊഴിലാളികളുടെ payment കേരള ബാങ്കിലൂടെ നടത്താൻ കഴിയുന്ന വിധത്തിൽ awareness നൽകണം
4. കേരള ബാങ്കിൽ പ്രവാസി നിക്ഷേപം സ്വീകരിക്കുന്നതിന് നടപടിയെടുക്കണം
5. കേരള ബാങ്കിൽ immediate money transfer നടപ്പിലാക്കുന്നതിന് വിവിധ ബാങ്കുകളുമായി software integration നടപ്പിലാക്കണം
6. ഫോറിൻ കറൻസി ട്രാൻസ്ഫർ ചെയ്യുന്നതിനും മറ്റുമുള്ള സേവനങ്ങക്കുമായി കേരള ബാങ്കിന്റെ പ്രതിനിധിയെ ഓസ്‌ട്രേലിയയിലെ എല്ലാ സംസ്ഥാനത്തും നിയമിക്കണം.
7. കേരള ബാങ്കിന് പ്രവാസികൾ കൂടുതലുള്ള ഇന്ത്യൻ മേഖലകളിൽ ശാഖകളോ സൗകര്യങ്ങളോ ഉണ്ടാക്കണം.

V. വ്യവസായ വകുപ്പ്

1. വിവിധ സംസ്ഥാനങ്ങളിലെ വ്യവസായി സംഘടനകളുടെ യോഗം ബഹു.മുഖ്യമന്ത്രിയും വ്യവസായ മന്ത്രിയും പങ്കെടുത്ത് അതാത് സംസ്ഥാനത്തുവിളിച്ചു ചേർക്കണം.

2. ലൈറ്റ് മെട്രോ, സംസ്കരണ കേന്ദ്രങ്ങൾ, ഫാഷൻ ഗാർമെൻറ് സപ്പോർട്ട്സോൺ തുടങ്ങിയ മേഖലകളിൽ നിക്ഷേപം മുടക്കാൻ പ്രതിനിധികൾ സന്നദ്ധത പ്രകടിപ്പിച്ചു. ഇത് പ്രയോജനപ്പെടുത്തണം.
3. വസ്ത്ര നിർമ്മാണ കയറ്റുമതി മേഖലയിൽ മുൻപന്തിയിൽ നിൽക്കുന്ന ബംഗ്ലാദേശ് ഉൾപ്പെടെയുള്ള രാജ്യങ്ങളിലെ ഇന്ത്യക്കാരായ വ്യവസായ സംരംഭകരെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി ഒരു സപ്പോർട് സോൺ ആരംഭിക്കണം. കൂടാതെ കുടുംബശ്രീ പോലുള്ള കൂട്ടായ്മകളുടെ സഹായത്തോടുകൂടി കേരളത്തിലെ സർക്കാർ വ്യവസായങ്ങൾ ബംഗ്ലാദേശ് മോഡൽ ഉപയോഗിച്ച് മെച്ചപ്പെടുത്താവുന്നതാണ്.
4. e-waste വ്യാവസായികാടിസ്ഥാനത്തിൽ ഉപയുക്തമാക്കുന്നതിനു സഹായകരമായ പ്രൊജക്റ്റ് ആരംഭിക്കണം
5. ചെറുകിട ബിസിനസ്സുകാർക്ക് സംസ്ഥാനത്ത് നിക്ഷേപം നടത്താനുള്ള സൗകര്യം ഒരുക്കണം
6. കേരളത്തിൽ ചൈനീസ് ഇൻവെസ്റ്റ്മെന്റ് ആകർഷിക്കണം (മീറ്റ് ഇൻഡസ്ട്രി)
7. ആഗോള വിപണിയിൽ കൈത്തറി മേഖലയെ വിപുലീകരിക്കണം.
8. വിയറ്റ്നാമുമായി ഫ്രീട്രേഡ് സാധ്യമാണ്. ഇന്ത്യൻ ബിസിനസ് ചേംബേഴ്സുമായി സഹകരിച്ച് ഇൻവെസ്റ്റ്മെന്റ് ചെയ്യാവുന്നതാണ്.
9. സ്റ്റാർട്ട് അപ്പുകൾ ആരംഭിക്കുവാൻ പ്രവാസികളെ സഹായിക്കും

VI. ഗതാഗത വകുപ്പ്

1. കേരളത്തിന്റെ തെക്കുവടക്കു അറ്റം കൂട്ടി യോജിപ്പിക്കത്തക്ക രീതിയിൽ റയിലിന്റെ വേഗതകൂട്ടൽ, നാലുമണിക്കൂർ കൊണ്ട് കാസർഗോഡ് നിന്ന് തിരുവനന്തപുരത്ത് എത്തുന്ന രീതിയിൽ ഒരു സെമി ഹൈ സ്പീഡ് റെയിൽ തുടങ്ങിയവ നടപ്പാക്കുക.

VII. വിദ്യാഭ്യാസ വകുപ്പ്

1. ഏവിയേഷൻ രംഗത്തെ തൊഴിൽ സാധ്യത മുന്നിൽ കണ്ടു കൊണ്ട് ഏവിയേഷൻ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കണം.
2. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ പ്രാധാന്യം മനസിലാക്കി കൊണ്ട് സ്കൂൾതലം മുതലുള്ള പാഠ്യപദ്ധതി പരിഷ്കരിക്കണം.
3. വിദ്യാഭ്യാസ മേഖലയിൽ സ്റ്റാറ്റിസ്റ്റിക്സ് നടത്തുന്നതിനോടൊപ്പം കോഴ്സുകൾ ഡിസൈൻ ചെയ്യുന്നതിനും നടപടി സ്വീകരിക്കണം.
4. അക്കാദമിക് വർഷത്തിന്റെ മധ്യത്തിൽ വച്ച് വിദേശ രാജ്യങ്ങങ്ങളിൽ നിന്ന് മടങ്ങിവരുന്ന വിദ്യാർത്ഥികളെ അഡ്മിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കണം
5. ഇന്റർനാഷണൽ യൂണിവേഴ്സിറ്റികളേ ഉൾക്കൊള്ളിച്ചുകൊണ്ട് തലസ്ഥാനത്തു എഡ്യൂക്കേഷൻ സിറ്റി രൂപീകരിക്കണം
6. പബ്ലിക് സ്കൂളിൽ രക്ഷിതാക്കൾ വോളയിന്റെർ വർക്ക് ചെയുന്ന അമേരിക്കൻ മോഡൽ, കേരളത്തിലെ സ്കൂളുകളിലും നടപ്പാക്കണം.
7. ബി.ടെക് വിദ്യാത്ഥികൾക് വിദേശ രാജ്യങ്ങളിൽ ഉന്നത വിദ്യാഭ്യാസം നടത്തുന്നതിന് കേരളത്തിലെ സർവകലാശാലകളിൽ നിന്നും സമയബന്ധിതമായ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

8. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സെന്റർ ഫോർ എക്സ്സലൻസ് ആരംഭിക്കണം.
9. കേരളത്തിലെ യൂണിവേഴ്സിറ്റികളിൽനിന്നും ഇക്വലൻസി സർട്ടിഫിക്കറ്റുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.
10. ബിടെക് ഉൾപ്പെടെയുള്ള ടെക്നിക്കൽ കോഴ്സുകളിലെ സർട്ടിഫിക്കറ്റുകൾ യഥാസമയം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.
11. ലോ ഇൻകം ഗ്രൂപ്പുകൾക്ക് കൂടി എൻ ആർ ഐ സീറ്റ് ലഭ്യമാക്കണം
12. ജപ്പാനിൽ ജോലിചെയ്യുന്നതിനായി ടെക്നിക്കൽ സ്കിൽനോടൊപ്പം ജാപ്പനീസ് ഭാഷയും സമ്പാദിക്കേണ്ടതുണ്ട്, അതിനാൽ ജാപ്പനീസ് ഭാഷ സ്കൂളിൽ പാഠ്യവിഷയമാക്കാൻ ശ്രമിക്കേണ്ടതാണ്.
13. Kerala Technological University വരും തലമുറയെ future ready graduates with future ready skills ഉള്ളവരായി വാർത്തെടുക്കുവാൻ റോബോട്ടിക്സ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേർണിംഗ്, ഓട്ടോമേഷൻ മുതലായ മേഖലകളിൽ കോഴ്സുകൾ ആരംഭിക്കണം.
14. മലയാളം പാഠ്യ പുസ്തകങ്ങൾ കിഴക്കൻ ഏഷ്യൻ രാജ്യങ്ങളിൽ ലഭ്യമാകേണ്ടതാണ് (ജപ്പാൻ).
15. ഓസ്ട്രേലിയൻ യൂണിവേഴ്സിറ്റികളുമായി കൊളാബറേറ്റ് ചെയ്ത് വൊക്കേഷണൽ ട്രെയിനിങ് നൽകുന്നതിനുള്ള നടപടി ഉണ്ടാക്കണം.
16. Knowledge ട്രാൻസ്ഫർനുള്ള സംവിധാനം ഏർപ്പെടുത്തണം.
17. പ്രവാസികളുടെ കുട്ടികളെയും കണക്കിലെടുത്ത് വിദൂര വിദ്യാഭ്യാസ പഠനകേന്ദ്രങ്ങൾ വിപുലപ്പെടുത്തണം.
18. എക്സ്ട്രാ സ്കില്ലിനൊപ്പം വിദേശ ഭാഷകളിൽ പ്രാവീണ്യം നേടാനും കേരളത്തിലെ വിദ്യാർത്ഥികൾക്ക് അവസരമുണ്ടാകണം.
19. നിർമ്മിത ബുദ്ധിയും റോബോട്ടിക്സും വിഷയമാകുന്ന സർവ്വകലാശാലകൾ ഉണ്ടാവണം.
20. ജർമ്മനി, നോർവേ, റഷ്യ പോലുള്ള സ്ഥലങ്ങളിൽ തൊഴിൽ സാധ്യതകൾ ഉപയോഗപ്പെടുത്താൻ വേണ്ടി ഭാഷ അറിയേണ്ടത് അത്യാവശ്യമാണ്. ഈ സാഹചര്യത്തിൽ വിദേശ ഭാഷകളിലുള്ള പരിശീലനം ലഭ്യമാക്കുകയും അതോടൊപ്പം അവരുടെ ക്വാളിഫിക്കേഷനുള്ള അക്രഡിറ്റേഷൻ നല്കുന്നതിനുള്ള നടപടി സ്വീകരിക്കണം.
21. അറബിക്-മലയാളം ഡിജിറ്റൽ ഡിക്ഷ്ണറി സ്ഥാപിക്കണം
22. കേരളത്തിലെ എല്ലാ യൂണിവേഴ്സിറ്റികളേയും വാഷിംഗ്ടൺ അക്കോർഡിൽ ഉൾപ്പെടുത്തണം

VIII. ധനകാര്യ വകുപ്പ്

1. ഓൺലൈൻ ചിട്ടിയെ സംബന്ധിച്ച് ബോധവൽക്കരണവും മാർക്കറ്റിങ്ങും ശക്തിപ്പെടുത്തണം
2. പ്രവാസി ചിട്ടിക്ക് Daily collection സംവിധാനം ഏർപ്പെടുത്തണം
3. കേരളത്തിന് പുറത്ത് സ്ഥിരതാമസം ആയവരെ ചിട്ടിയിൽ ചേർക്കണം
4. പ്രവാസി ചിട്ടിക്ക് സെൻട്രൽ രെജിസ്ട്രേഷൻ നടപ്പിലാക്കണം

5. KSFE ക്ക് വിദേശ രാജ്യങ്ങളിൽ നിന്ന് ഇൻവെർഡ് റെമിറ്റൻസ് സ്വീകരിക്കുവാൻ സാധിക്കുമോ എന്ന് പരിശോധിക്കണം
6. KSFE ക്ക് overseas transaction സാധിക്കണം, money exchange വഴി ചിട്ടി പണം അടക്കുന്നതിനുള്ള സൗകര്യം നൽകണം
7. ചിട്ടി മൊബിലൈസ് ചെയ്യുന്ന പ്രവാസി സംഘടനകൾക്കും വ്യക്തികൾക്കും 10 % കമ്മീഷൻ നൽകണം
8. NRI അക്കൗണ്ടിലേക്ക് തന്നെ ചിട്ടി തുക ലഭ്യമാക്കണം
9. ഓസ്ട്രേലിയയിൽ പ്രവാസി ചിട്ടിക്ക് വേണ്ടി കെ.സ്.ഫ്.ഇ യുടെ പ്രതിനിധിയെ നിയമിക്കണം.
10. വിദേശത്തുള്ള ബാങ്കുകളിലെ എ.ടിഎം കാർഡ് ഉപയോജിച്ച് പ്രവാസി ക്ഷേമനിധിയിലേക്കും, കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടിയിലേക്കും പണമടയ്ക്കാനുള്ള സൗകര്യം വേണം.

IX. കൃഷി വകുപ്പ്

1. കേരളത്തിലെ കാർഷികോല്പന്നങ്ങൾക്ക് വിദേശ വിപണി കണ്ടെത്തുന്നതിലേക്കായി സിയാൽ മോഡൽ പ്രൈവറ്റ് പബ്ലിക് സെക്ടർ കമ്പനി രൂപീകരിക്കണം.
2. കളവാഴ, ആഫ്രിക്കൻ പായൽ തുടങ്ങിയവയിൽ നിന്നും ജൈവവളം നിർമ്മിക്കുന്നതിനായി സമർപ്പിച്ചിരിക്കുന്ന പ്രൊപ്പോസൽ പരിഗണിക്കണം.
3. കശുവണ്ടിപോലെ കേരളത്തിന് ആവശ്യമായ കാർഷിക ഉൽപ്പന്നങ്ങൾ കൃഷി ചെയ്യുന്നതിന് ചില ആഫ്രിക്കൻ രാജ്യങ്ങളിൽ 99 വർഷത്തെ ലീസിനു ഭൂമി ലഭ്യമാണ്. ഇത് പ്രയോജനപ്പെടുത്തണം. ഹൈയീൽഡിനായുള്ള ഫാമിങ് ടെക്നോളജിക്കായും ഇന്റേണൽ വാട്ടർവേ ഡവലപ്മെന്റ് എന്നിവക്കും ബ്രൂണെയിൽ സ്ഥലം ഉണ്ട്.
4. കേരളത്തിലെ കാർഷികോല്പന്നങ്ങളുടെ വിവിധ ഉൽപ്പങ്ങൾ ഉണ്ടാക്കി ആകർഷകമായ രീതിയിൽ പാക്ക്ചെയ്തു മാർക്കറ്റ് ചെയ്യണം.
5. ഏത്തപ്പഴത്തിനുള്ള ആഗോള ഡിമാന്റിനെ ഉപയോഗിക്കാൻ സാധിക്കണം.
6. കേരളത്തിൽ നിന്നുള്ള നാളികേര ഉല്പന്നങ്ങൾ ഓസ്ട്രേലിയയിൽ എത്തിക്കുന്നതിന് കേരഫെഡ് ഇടപെടൽ നടത്തണം.

X. ജല വകുപ്പ്

1. സംസ്ഥാനത്ത് സമൃദ്ധമായി ലഭിച്ചുകൊണ്ടിരിക്കുന്ന മഴവെള്ളത്തെ കുടിവെള്ളമാക്കി വിപണിയിലെത്തിക്കുന്നതിനു നടപടി സ്വീകരിക്കണം.
2. വേനൽക്കാല കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് പുഴകളിൽ ചെക്ക്ഡാമുകൾ നിർമ്മിക്കുക, മണ്ണൊലിപ്പ് തടയുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക, ഇത്തരം കാര്യങ്ങളിൽ ലോകത്തിന്റെ മറ്റിടങ്ങളിലുള്ള മാതൃകകൾ ഉപയുക്തമാണോ എന്ന് പരിശോധിക്കുക

XI. ടൂറിസം വകുപ്പ്

1. പ്രവാസികളുടെ ഉടമസ്ഥതയിലുള്ളതും ഉപയോഗശൂന്യമായി കിടക്കുന്നതുമായ ഫ്ലാറ്റുകൾ ടൂറിസം വികസനത്തിന് ഉപയോഗിക്കുക

2. ഒരു മാസ്റ്റർ പ്ലാനിന്റെ സഹായത്തോടുകൂടി ടൂറിസം മേഖല മെച്ചപെടുത്തേണ്ടതാണ്. ഇതിലേക്കായി കിഴക്കൻ ഏഷ്യൻ രാജ്യങ്ങളിലെ മോഡൽ ഉപയോഗിക്കാവുന്നതാണ്.
3. കേരളത്തിലെ മെഡിക്കൽ ടൂറിസത്തിനു തടസ്സമായി നിൽക്കുന്ന ജലമലിനീകരണവും, മാലിന്യസംസ്കരണവും പരിഹരിക്കുവാൻ ജാപ്പനീസ് ടെക്നോളജി ഉപയോഗിക്കാവുന്നതാണ്.
4. കേരള ടൂറിസം സംബന്ധിച്ച് പരസ്യം ഇതര സംസ്ഥാങ്ങളിലും വ്യാപകമാക്കണം
5. ടൂറിസം മേഖല വിപുലീകരിക്കുന്നതിനായി cruise tourism മേഖലയിൽ ശ്രീലങ്കയുമായി ചേർന്ന് കേരളം പ്രവർത്തിക്കാവുന്നതാണ്.
6. അസർബൈജാൻ, റഷ്യ തുടങ്ങിയ പ്രദേശങ്ങളിലെ ടൂറിസം മേഖലയിലുള്ള അവസരങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്നതിനു നടപടി സ്വീകരിക്കണം.
7. ടൂറിസം പ്രൊമോഷനുവേണ്ടി ഓസ്ട്രേലിയയിലേക് കേരളത്തിൽ നിന്നുമുള്ള ഡെലിഗേറ്റ്സ്നെ അയക്കുന്നതിനു നടപടി സ്വീകരിക്കണം.
8. വിറ്റ്നാമുമായി സഹകരിച്ച് ടൂറിസം മേഖല വിപുലീകരിക്കണം.

XII. ആരോഗ്യ വകുപ്പ്

1. സൈക്കോളജി വിദ്യാർത്ഥികളുടെയും പ്രവാസികളായ ഡോക്ടർമാരുടെയും മറ്റ ആരോഗ്യ മേഖല സംഘടനകളുടെയും സഹായത്തോടെ പ്രളയ ദുരന്തങ്ങളെ അതിജീവിച്ച ജനങ്ങൾക്ക് പ്രത്യേകിച്ച് കുട്ടികൾക്ക് അവരുടെ മനസിലുണ്ടാക്കിയ ആഘാതം പരിഹരിക്കാനും ആരോഗ്യകരമായ മാനസികാവസ്ഥ വീണ്ടെടുക്കാനും വേണ്ട നടപടികൾ സ്വീകരിക്കണം
2. കേരളത്തെ ജനറ്റിക് കെയർ ഹബ് ആയി മാറ്റാവുന്നതാണ്, മറ്റു ഏഷ്യൻ രാജ്യങ്ങൾക്ക് ഇതിലേയ്ക്ക് ആശ്രയിക്കാവുന്നതാണ്.
3. അസർബൈജാൻ, റഷ്യ തുടങ്ങിയ പ്രദേശങ്ങളിലെ മെഡിക്കൽ മേഖലയിലുള്ള അവസരങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്നതിനു നടപടി സ്വീകരിക്കണം.
4. ആയുർവേദ മസ്സാജിങ്/തെറാപ്പി സെന്ററുകൾ ആസ്ട്രേലിയയിൽ ആരംഭിക്കുന്നതിന് നടപടിയുണ്ടാകണം.
5. നഴ്സിംഗ് മേഖലയിൽ പരിശീലനം നൽകുന്നതിന് ഐ എച് എം സെൻറർ കേരളത്തിൽ ആരംഭിക്കുന്നതിന് നടപടിയുണ്ടാകണം.
6. ആരോഗ്യ വകുപ്പ് പ്രതിനിധികളുടെ നേതൃത്വത്തിൽ ലൈഫ് സേവിങ്സ് പദ്ധതികളെക്കുറിച്ച് കുടുംബശ്രീകൾക്ക് പരിശീലനം നൽകണം.
7. സംസ്ഥാനത്ത് നിലവിലുള്ള സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി പ്രവാസികൾക്ക്പെയ്മെന്റ് അടിസ്ഥാനത്തിൽ ബാധകമാക്കണം.
8. സർക്കാർ സ്വകാര്യ ആശുപത്രികളെ ബന്ധിപ്പിച്ച് കാൻസർ രോഗ നിവാരണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കണം.
9. സാങ്കേതിക വിദ്യയുടെ സഹായത്തോടെ ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കാൻ സംവിധാനമുണ്ടാകണം. എല്ലാ പ്രൈമറി ഹെൽത്ത് സെന്ററുകളെയും ബന്ധിപ്പിച്ച് രക്ത പരിശോധനാ വിവരങ്ങൾ ക്ളൗഡിൽ ശേഖരിക്കണം.

10. സംസ്ഥാനത്തിലെ മെഡിക്കൽ വിദ്യാർത്ഥികൾക്ക് വിദേശരാജ്യങ്ങളിൽ കുറഞ്ഞത് ആറ് മാസമെങ്കിലും ഹൗസ് സർജൻസി കോഴ്സ് ചെയ്യുന്നതിന് അവസരമൊരുക്കണം

XIII. റവന്യൂ വകുപ്പ്

1. പ്രളയാനന്തര പുനർനിർമ്മാണത്തിന്റെ ഭാഗമായി പ്രവാസികൾ വീടുകൾ നിർമിച്ചു നല്കാൻ തയ്യാറായ ഇടങ്ങളിൽ (വയനാട് ജില്ലയിൽ 12 വീടുകളുടെ പദ്ധതി) ഭൂമി രജിസ്റ്റർ ചെയ്യാനുള്ള തടസങ്ങൾ പരിഹരിക്കുക
2. പ്രവാസികൾക്ക് കേരളത്തിലെ ഭൂമി സംബന്ധമായ ആവശ്യങ്ങൾക്കും മറ്റാവശ്യങ്ങൾക്കും ആധാർ കാർഡും പാൻ കാർഡും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുകയോ അവ ആവശ്യപ്പെടുന്നത് ഒഴിവാക്കുകയോ ചെയ്യണം.

XIV. തൊഴിൽ വകുപ്പ്

1. സർക്കാരിന് മികച്ച പ്രൊഫഷണലുകളെ കണ്ടെത്താൻ സഹായകരമാകുന്ന വിധത്തിൽ പ്രവാസികൾക്കായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിക്കണം

XV. തദ്ദേശസ്വയംഭരണ വകുപ്പ്

1. പുതിയ സാങ്കേതികവിദ്യയിൽ അവബോധം സൃഷ്ടിക്കുന്നതിന് സഹായകരമായ രീതിയിൽ എല്ലാ നിയമസഭാ മണ്ഡലങ്ങളിലും പ്രവാസികളുടെ സഹായത്തോടെ 'മികവിന്റെ കേന്ദ്രങ്ങൾ' ആരംഭിക്കണം.

XVI. നിയമ വകുപ്പ്

1. പ്രവാസികൾ നേരിടുന്ന തൊഴിൽ പ്രശ്നങ്ങൾ, വിവാഹ രജിസ്ട്രേഷൻ, വിവാഹ മോചനം, കുട്ടികളെ ദത്തെടുക്കൽ, വസ്തു കൈമാറ്റം തുടങ്ങിയവയെ സംബന്ധിച്ച് നിയമപ്രശ്നങ്ങൽക്ക് സമയബന്ധിതമായി പരിഹാരമുണ്ടാക്കുന്നതിനുവേണ്ടി, പ്രശ്നങ്ങൾ പഠിച്ച് പരിഹാര നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് സമയബന്ധിതമായി ഒരു പ്രൊപ്പോസൽ നൽകുക

XVII. പൊതുവായി നടപ്പിലാക്കേണ്ടത്

1. കേരളത്തിന്റെ പ്രശ്നങ്ങൾ, പരിഹാരസാധ്യതകൾ എന്നിവ ചർച്ചചെയ്യാൻ ഗ്ളോബൽ ഹാക്കത്തോൺ ഈ വർഷം തന്നെ സംഘടിപ്പിക്കും. കേരളത്തിന്റെ വികസന സാധ്യതകളും പ്രശ്നങ്ങളും ഗ്ളോബൽ ഹാക്കത്തോണിൽ ചർച്ചചെയ്യും. ഇതിനായി വിദഗ്ധരെ ഉൾക്കൊള്ളിച്ചായിരിക്കും സമ്മേളനം നടത്തുക. ലോകത്തെമ്പാടുമുള്ള പ്രവാസി പ്രൊഫഷണലുകളുടെ വൈദഗ്ധ്യവും നൈപുണ്യവും കേരളവികസനത്തിനായി ഉപയോഗിക്കുന്നത് ലക്ഷ്യമിട്ട് പ്രൊഫഷണലുകളുടെ സമ്മേളനം സംഘടിപ്പിക്കും. ഓരോ മേഖലയിലെയും പ്രൊഫഷണലുകളുടെ വ്യത്യസ്ത സമ്മേളനം പ്രത്യേകം സംഘടിപ്പിക്കാനാകുമോ എന്ന് പരിശോധിക്കും.
2. പ്രവാസികളുടെ നിക്ഷേപ സുരക്ഷയ്ക്ക് പ്രത്യേക വകുപ്പ് വേണം.

3. ആഗോള തലത്തിൽ വർദ്ധിച്ച വരുന്ന വംശീയതക്കും വർണ വിവേചനത്തിനും എതിരെ ദേശീയ അന്താരാഷ്ട്ര തലത്തിൽ ക്യാമ്പയിനുകൾ നടത്തുന്നതിന് നേതൃത്വം കൊടുക്കുകയും കൂട്ടായ്മകൾക്ക് രൂപം നൽകുകയും ചെയ്യണം.
4. വിദേശനിക്ഷേപത്തിനായി സംസ്ഥാനത്ത് പ്രത്യേക സർക്കാർ വകുപ്പ് രൂപീകരിക്കണം
5. പ്രവാസികൾക്ക് വിവരാവകാശ സേവനങ്ങൾ ലഭിക്കുന്നതിന് സംസ്ഥാനത്തു ഓൺലൈൻ സംവിധാനം സജ്ജമാക്കണം
6. PSC പോലുള്ള പരീക്ഷകൾക്ക് വിദേശ രാജ്യങ്ങളിൽ കേന്ദ്രങ്ങൾ അനുവദിക്കണം. കൂടാതെ പ്രവാസിൾക്ക് അപേക്ഷിക്കുന്നതിനു വയസ്സിളവ് അനുവദിക്കണം
7. സ്ത്രീകൾക്കായി സംസ്ഥാന സർക്കാരിന്റെ കീഴിൽ ഇതര സംസ്ഥാനങ്ങളിൽ ഡോർമെറ്ററികൾ സ്ഥാപിക്കാനാകുമോ എന്ന് പരിശോധിക്കണം
8. കേരള എയർലൈൻസ് ആരംഭിക്കണം.
9. പ്രളയന്തര പുനർനിർമ്മാണത്തിനു ധനസഹായവും സാമ്പത്തിക സഹായവും നല്കാൻ ഐ റ്റി മേഖലയിൽ പ്രവർത്തിക്കുന്ന മലയാളികൾ ഏറെയുള്ള സംസ്ഥാനങ്ങളെ ബന്ധപ്പെടുത്തി മന്ത്രിമാരെയും സാംസ്കാരിക നായകന്മാരുടെയും ഒരു യോഗം നടത്തണം.
10. കേരള പുനർനിർമാണത്തിന് വേണ്ടി ഓരോ നാട്ടിലെയും മികച്ച വികസന പദ്ധതി നിർവഹണ - ഭരണ നിർവഹണ മാതൃകകൾ മനസിലാക്കുകയും ഇക്കാര്യത്തിൽ മാർഗ്ഗ നിർദ്ദേശവും പിന്തുണയും നല്കാൻ കഴിയുന്ന സ്ഥാപനങ്ങൾ കണ്ടെത്തുകയും വേണം.
11. പലിശ മാഫിയകളെ നിയന്ത്രിക്കണം
12. പ്രവാസി മലയാളികളെ സർക്കാർ മേഖലകളിൽ പങ്കാളികളാക്കണം
13. എല്ലാ സംസ്ഥാനങ്ങളിലും കേരള ഹൗസ് ആരംഭിക്കാൻ നടപടി എടുക്കണം
14. NRI-NRK discrimination അവസാനിപ്പിക്കണം.
15. ഒഡെപെക്കുമായി ബന്ധപ്പെട്ട നഴ്സിംഗ് റിക്രൂട്ട്മെന്റ് പുനരാരംഭിക്കാൻ നടപടി സ്വീകരിക്കണം
16. മുൻകാലങ്ങളിൽ കേരളത്തിൽ വന്നു പഠിച്ചിട്ടുള്ള നിരവധി പേർ വിവിധരാജ്യങ്ങളിൽ ഉന്നതസ്ഥാനങ്ങളിലുണ്ട്. കേരള സർക്കാർ മുൻകൈ എടുത്തു ഇവരുടെ ഒരു നെറ്റ്‌വർക്ക് രൂപീകരിച്ച് അത് ആ രാജ്യങ്ങളിലെ മലയാളികളെ സഹായിക്കുന്നതിനും കേരളത്തിന്റെ താൽപ്പര്യങ്ങൾ മുന്നോട്ട്കൊണ്ട്പോകുന്നതിനും സഹായകരമായിരിക്കും.
17. പ്ലാസ്റ്റിക് നിരോധനം പ്രാബല്യത്തിൽ വന്ന സാഹചര്യത്തിൽ എയർ പോർട്ടുകളിൽ തന്നെ സന്ദേശം ആലേഖനം ചെയ്ത തുണി കൊണ്ടുള്ള ബാഗുകൾ വിതരണം ചെയ്യുന്നതിലൂടെ ഇവിടേക്കെത്തുന്ന എല്ലാവരിലേക്കും ഈ സന്ദേശം എത്തിക്കാൻ സഹായിക്കും.
18. ഡിസാസ്റ്റർ മാനേജ്മെന്റുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ആസ്ട്രേലിയൻ സഹകരണം ഉറപ്പാക്കണം.
19. മലയാളികൾ കൂടുതലുള്ള സ്ഥലങ്ങളിൽ കേരള ഭവൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

20. പ്രവാസികൾക്കെതിരെ കേരളത്തിൽ ശത്രുതതീർക്കാനായി കേസ് ഫയൽ ചെയ്യുന്നത് സൂക്ഷമതയോടെ കൈകാര്യം ചെയ്യാൻ സംവിധാനം വേണം.
21. പത്തനംതിട്ടയിൽ എയർപോർട്ട് വേണം.
22. സംസ്ഥാന തലസ്ഥാനങ്ങളിൽ കേരള ഹൗസുകൾ ആരംഭിക്കണമെന്നും പ്രവാസി ക്ഷേമത്തിനും നിക്ഷേപ പ്രോത്സാഹനത്തിനും ടൂറിസം പ്രചാരണത്തിനുമൊക്കെ ഈ കേന്ദ്രം പ്രയോജനപ്പെടുത്തണമെന്നും പല സംസ്ഥാങ്ങളിലെയും പ്രതിനിധികൾ ആവശ്യപ്പെട്ടു. സ്ഥലവും നടത്തിപ്പ ചുമതലയും മലയാളി സംഘടനകൾ ഏറ്റെടുക്കാമെന്നും സർക്കാർ സബ്സിഡി നിരക്കിൽ നിർമ്മാണ സഹായം നൽകിയാൽ മതിയെന്നും ഈ മാതൃകയിൽ പല സംസ്ഥാനത്തും കേരള ഹൗസുകൾ നിർമിച്ചിട്ടുണ്ടെന്നും പ്രതിനിധികൾ ചൂണ്ടിക്കാട്ടി.
23. മറ്റു സംസ്ഥാനങ്ങളിൽ ജാതി അടിസ്ഥാനത്തിലുള്ള സംവരണം ലഭിക്കാൻ കേരളത്തിലെ ജാതികളും ആ സംസ്ഥാനങ്ങളിലെ ജാതികളുമായുള്ള സമീകരണം നിർണയിച്ച് അതതു സംസ്ഥാന സർക്കാരുകളെ അറിയിച്ച അർഹമായ സംവരണം ഉറപ്പാക്കാൻ നടപടി സ്വീകരിക്കണം
24. നിരന്തരം പ്രളയവും ചുഴലിക്കാറ്റും ഉണ്ടാകുന്ന ഒറീസ്സയിലെ പ്രവാസികൾക്കായി ഭുവനേശ്വറുമായി ഹോട്ട്ലൈൻ ബന്ധം സ്ഥാപിക്കണം.
25. നാഗാലാന്റിൽ മലയാളികൾ അധികമുള്ള ദീമാപ്പൂർ ജില്ലയിൽ നടപ്പാക്കിയ ഇന്നർ ലൈൻ പെർമിറ്റ് ഒഴിവാക്കാൻ സർക്കാർ ഇടപെടണം
26. തിരിച്ചു വരുന്ന പ്രവാസികളുടെ വിദ്യാഭ്യാസത്തിനു പ്രവാസി സർവകലാശാല ആരംഭിക്കണം.
27. വിദേശ രാജ്യങ്ങളിൽ പ്രവർത്തിക്കുകയും പ്രതിസന്ധി നേരിടുന്നതുമായ മലയാള മാധ്യമങ്ങളെ സംരക്ഷിക്കാൻ സർക്കാർ ഇടപെടണം..

അനുബന്ധം 2

| LOKA KERALA SABHA 2019-20 - EXPENDITURE STATEMENT | |
|---|---|
| **Amount Allotted for the conduct of LKS** | 3,04,50,000 |
| **Component** | **Expenditure** |
| 1. Maintenance of Website | 460420 |
| 2. Co-ordinating with participating agencies, Publicity, Media management, Documentation, printing and Stationery | 680859 |
| 3. Loka Kerala Sabha venue arrangements at Niyamasabha | 1235460 |
| 4. Delegate Kit | 2185950 |
| 5. Arrangements for Nishagandhi Opening ceremony | 551775 |
| 6. Additional works at venue such as Main hall arrangements, dining hall and walk way, Internet, | 2456293 |
| 7. Additional works: Additional collaterals, Helpdesk arrangements, Information counters, Manpower, Coordination fee etc | 973396 |
| 8. Logistics Additional requirements | 370048 |
| 9. Food | 410000 |
| 10. Accommodation | 2342725 |
| 11. Airfare for delegates | 461907 |
| 12. Hiring supporting staff, vehicle and Other miscellaneous expenditure | 39900 |
| **Total** | 12168733 |